പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 13 01.12.2014 ൽ മറുപടിക്ക്

## മന്ത്രവാദങ്ങളും ആഭിചാരകർമ്മങ്ങളും നിർവ്വഹിക്കുന്നവർക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം. ആരിഫ്<br>„ വി.ചെന്താമരാക്ഷൻ<br>„ എം.എ.ബേബി<br>„ രാജു എബ്രഹാം | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മൂലം സംസ്ഥാനത്ത് പൊതു ജീവിതം ശിഥിലീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇത്തരത്തിലുള്ള ചിലസംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മന്ത്രവാദത്തിനിടെ പത്തനംതിട്ടയിൽ ഒരു കോളേജ് വിദ്യാർത്ഥിനി മരിക്കാനിടയായ സാഹചര്യത്തിൽ സംസ്ഥാനം ഈ നിലയിലേക്ക് അധഃപതിക്കാനിടയായ സാഹചര്യങ്ങൾ പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദമാക്കാമോ; | (ബി) ഇതുമായി ബന്ധപ്പെട്ട് പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1881/14 ൽ u/s. 336, 337, 304 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. 8 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, 6 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും അവർ ജുഡീഷ്യൽ കസ്റ്റഡിയിലും ആണ്. |
| (സി) പ്രാകൃത വിശ്വാസങ്ങളും ആഭിചാരകർമ്മങ്ങളും പ്രചരിപ്പിക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്നവരെ നിയന്ത്രിക്കാനും അത്തരക്കാർക്കെതിരെ ശിക്ഷാ നടപടി കൈക്കൊള്ളാനും തയ്യാറാകുമോ ? | (സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാലോ പരാതികൾ ലഭിച്ചാലോ നിലവിലുള്ള നിയമപ്രകാരം കർശന നടപടികൾ കൈക്കൊള്ളുന്നതാണ്. ജനമൈത്രി പോലീസ്, സ്റ്റുഡന്റ് പോലീസ് എന്നിവ ഉപയോഗിച്ച് ഇത്തരം അന്ധവിശ്വാസങ്ങൾ മറ്റും നിയന്ത്രിക്കാൻ പോലീസിനാൽ കഴിയുന്നവിധം നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രാകൃതവിശ്വാസങ്ങളും ആഭിചാരകർമ്മങ്ങളും ചെയ്യുന്നവരെ സംബന്ധിച്ച് വിവരം ലഭിച്ചാൽ അത്തരമാളുകൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് നിയമാനുസൃതമായ ശിക്ഷവാങ്ങിക്കൊടുക്കുന്നതിന് പോലീസ് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. ഒരു വിഭാഗം |

ജനങ്ങളുടെ അജ്ഞത
മുതലെടുത്തുകൊണ്ട് സമൂഹത്തിൽ
അന്ധവിശ്വാസങ്ങളും അനാചാരങ്ങളും
വളർത്തി സാമ്പത്തിക ചൂഷണത്തിന്
വേണ്ടി വിധേയരാക്കുകയാണെന്നാണ്
മനസ്സിലാക്കുന്നത്. ജാതി മത
വേർതിരിവില്ലാതെ ഇത്തരം
ചൂഷണത്തെ ചെറുക്കുന്നതിന് പോലീസ്
വകുപ്പ് മറ്റ് വകുപ്പുകളുമായി ചേർന്ന്
ശക്തമായ നടപടികൾ എടുക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ